## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2311** **19.07.2016 ൽ മറുപടിയ്ക്ക്**

### മെത്രാൻ കായലിലെ സർക്കാർ ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കോട്ടയം ജില്ലയിൽ മെത്രാൻ കായൽ എന്നറിയപ്പെടുന്ന പ്രദേശത്ത് ആകെ എത്ര ഹെക്ടർ ഭൂമിയാണുള്ളത് എന്നും ഇതിൽ സർക്കാർ ഉടമസ്ഥതയിൽ എത്ര ഹെക്ടർ ഭൂമിയുണ്ട്എന്നും അറിയാമോ ; വ്യക്തമാക്കുമോ; | (എ) കോട്ടയം ജില്ലയിലെ കുമരകം പഞ്ചായത്തിൽ 8-ാം വാർഡിൽ ഉൾപ്പെടുന്ന മെത്രാൻ കായൽ (സെമിനാരി കായൽ) പാടശേഖരത്തിന്റെ വിസ്തൃതി 404 ഏക്കറാണ് (161.6 ഹെ). ഇപ്പോൾ പാടശേഖരത്തിൽ 17 ഏക്കർ 5 കർഷകരുടേയും ഏകദേശം 378.5 ഏക്കർ 'റാക്കിൻഡോ കുമരകം റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്' എന്ന കമ്പനിയുടേയും (34 കമ്പനികളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്) കൈവശത്തിലാണ്. സർക്കാർ ഉടമസ്ഥതയിൽ എത്ര ഹെക്ടർ ഭൂമി ഉണ്ട് എന്നുള്ള വിവരം പരിശോധിച്ച് വരുന്നു. |
| (ബി) മെത്രാൻ കായലിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനല്കിയതായി അറിവുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് പതിച്ച് നൽകിയത്; | (ബി) പരിശോധിച്ച് വരുന്നു. |
| (സി) മെത്രാൻ കായലിൽ അവസാനമായി കൃഷി ചെയ്തത് ഏത് വർഷമാണ്; ഏതുതരം കൃഷിയാണ് ഇറക്കിയത്; | (സി) മെത്രാൻ കായലിൽ 2007-2008 വർഷമാണ് അവസാനമായി പുഞ്ച കൃഷി നടത്തിയത്. |
| (ഡി) പ്രസ്തുത പ്രദേശത്ത് കൃഷി പുനരാരംഭിക്കാൻ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലേക്ക് എത്ര തുക ചെലവ് വരുമെന്നാണ് | (ഡി) മെത്രാൻ കായലിൽ കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. അതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന് 17.6.2016-ൽ കുമരകം |

| | |
|---|---|
| കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് കർഷകരുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം ചേരുകയും മെത്രാൻ കായൽ സന്ദർശനം നടത്തി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അടിസ്ഥാന സൗകര്യങ്ങൾക്കായി 80 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി വരുകയാണ്. കൂടാതെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**